# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യമേഖല റോഡുകളുടെ നവീകരണം</u>

1634

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിലേക്കുള്ള റോഡുകൾ നവീകരിക്കുവാൻ ഫിഷറീസ് വകുപ്പിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അജാനൂരിൽ മത്സ്യബന്ധന തുറമുഖം</u>

1635 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) സമഗ്രമായ സർവ്വേ നടത്തുന്നതിന് ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ബേപ്പൂർ തുറമുഖ വികസനത്തിൽ ഇൻകെല്ലുമായി കരാർ</u>

1636 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 'ഇൻകെല്ലിനെ' ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഇൻകെല്ലുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബറിന്റെ ബഡ്ജറ്റ് വിഹിതം</u>

1637 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള പ്രാരംഭ നടപടികൾ എന്ന് ഏത് സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി മൊത്തം എത്ര തുകയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തിയുടെ മൊത്തം എസ്റ്റിമേറ്റ് എത്രയാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ</u>

1638 ഡോ. കെ.ടി ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി എത്ര റോഡുകളുടെ എസ്റ്റിമേറ്റാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കാമോ ;

(സി) ശേഷിക്കുന്ന റോഡുകൾക്ക് കൂടി ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിൽ അപ്ഗ്രേഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി</u>

1639 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം അപ്ഗ്രേഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള തലവടി, കൈനകരി ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് മുൻഗണന നല്കുമോ;

(സി) ഹാർബർ എൻജിനീയറിംഗ് വകുപ്പ് അപ്ഗ്രേഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽപ്പെടുത്തി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 7-ാമത് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മുനമ്പം അഴിമുഖത്തെ മണൽത്തിട്ട

1640 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം അഴിമുഖത്തെ മണൽത്തിട്ട നീക്കം ചെയ്യുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) മണൽത്തിട്ട നീക്കം ചെയ്യുന്ന പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>രാമന്തളി നടപ്പാലം</u>

1641 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹാർബർ എൻജിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കേണ്ട രാമന്തളി നടപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>വൈപ്പിന്‍ - തീരദേശ റോഡ് വികസന പദ്ധതി</u>

1642 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശ റോഡ് വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തി വൈപ്പിന്‍ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ പ്രവൃത്തികള്‍ക്കാണ് അനുമതി നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ക്കായി അനുവദിച്ച തുകയെത്ര എന്നും ഓരോ പ്രവൃത്തികളും എന്ന് പൂര്‍ത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) പൂര്‍ണ്ണമായും തീരദേശ മണ്ഡലമായ വൈപ്പിനിലെ റോഡ് വികസന പ്രവൃത്തികള്‍ക്ക് കൂടുതല്‍ തുക അനുവദിക്കുവാനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ ജീവൻരക്ഷാ ബോട്ടുകൾ</u>

1643 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ബോട്ടപകടങ്ങളിലും കടൽ ക്ഷോഭത്തിലും പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് എന്തെല്ലം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) രക്ഷാ പ്രവർത്തനത്തിനായി ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ജീവൻ രക്ഷാ ബോട്ടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാ പ്രവർത്തനത്തിൽ പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) തോട്ടപ്പള്ളി ഹാർബറിനു സമീപം നടന്ന ബോട്ടപകടത്തിൽ മതിയായ രക്ഷാ പ്രവർത്തനം ലഭിക്കാതെ ഒരു മത്സ്യത്തൊഴിലാളി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തീരമൈത്രി പദ്ധതി</u>

1644 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതിയുടെ നടപടി ക്രമങ്ങളും മാർഗ്ഗരേഖകളും വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി സർക്കാർ എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് കൊയിലാണ്ടി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഏഴരയിൽ മത്സ്യസംസ്കരണ പ്ലാന്റ്</u>

1645 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജക മണ്ഡലത്തിൽ എടക്കാട് ഗ്രാമപഞ്ചായത്തിലെ ഏഴരയിൽ മത്സ്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ നിർമ്മാണം</u>

1646 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ കല്ലുമ്മേക്കായ കർഷകരുടെ ഉന്നമനം</u>

1647 കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂരിലെ ഉൾനാടൻ ജലാശയങ്ങളിൽ വ്യാപകമായിട്ടുള്ള കല്ലുമ്മേക്കായ കൃഷിചെയ്യുന്ന കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി വകുപ്പിൻ കീഴിൽ ഉൽപാദനം, സംഭരണം, വിപണനം എന്നിവയ്ക്കുള്ള പദ്ധതി ആരംഭിക്കന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മടപ്പള്ളി ഫിഷറീസ് ഹൈസ്ക്കൂൾ</u>

1648 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര ഒഞ്ചിയത്തെ മടപ്പള്ളി ഫിഷറീസ് ഹൈസ്ക്കുളിന്റെ പേര് മടപ്പള്ളി ഹയർ സെക്കണ്ടറി വിദ്യാലയം എന്ന് മാറ്റിയതിനെത്തുടർന്ന് ഫിഷറീസ് വിദ്യാലയങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടമായതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഫിഷറീസ് വിദ്യാലയങ്ങൾ എന്ന നിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

<u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി</u>

1649 ശ്രീ. ജി. സുധാകരൻ
,, എം. ഹംസ
,, എ. എം. ആരിഫ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുമെന്ന മുൻ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്തുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എത്രകോടി രൂപ ചെലവഴിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(സി) മുൻവർഷം മേല്പറഞ്ഞ പദ്ധതിയിൻകീഴിൽ മാത്രം എത്ര പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുകയുണ്ടായിയെന്നും ഇതിനായി യഥാർത്ഥത്തിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പുതിയങ്ങാടിയിലെ മാതൃകാ മത്സ്യഗ്രാമം പദ്ധതി</u>

1650 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ മാതൃകാ മത്സ്യഗ്രാമമായി ഉൾപ്പെടുത്തിയ പുതിയങ്ങാടിയെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്നതും ഏകദേശം 500 യാനങ്ങളുടെ പ്രവർത്തന കേന്ദ്രവുമായ പുതിയങ്ങാടിയെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ധനസഹായ നിഷേധം</u>

1651 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന വക്കം, ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവർക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് സഹായം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, വിദ്യാഭ്യാസം, ചികിത്സ എന്നിയ്ക്ക് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പരവൂരിൽ മത്സ്യഗ്രാമം പദ്ധതി</u>

1652

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പരവൂർ നഗരസഭയിൽ മത്സ്യഗ്രാമം പദ്ധതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നുവോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പരവൂർ നഗരസഭയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഉള്‍നാടന്‍ മത്സ്യസമ്പത്തിന്റെ പരിപോഷണം</u>

1653 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉള്‍നാടന്‍ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഉള്‍നാടന്‍ മത്സ്യത്തൊഴിലാളികള്‍ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോള്‍ നല്‍കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

മത്സ്യകർഷക ക്ലബ്ബുകൾ

1654 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകർഷക ക്ലബ്ബുകൾ തുടങ്ങുന്ന കാര്യം ആലോചനയിലുണ്ടോ ;

(ബി) ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികളുമായി യോജിപ്പിച്ചാണ് ഇത് നടപ്പിലാക്കുന്നത് ;

(ഡി) ക്ലബ്ബുകളുടെ നിയന്ത്രണം ആരിലാണ് നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസം

1655 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലക്കെടുതികൾ മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും സമാശ്വാസമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) തൊഴിൽ നഷ്ടപ്പെടുന്നതുമൂലം പട്ടിണിയാവുന്ന മത്സ്യത്തൊഴിലാളി മേഖലയിൽ സൗജന്യറേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) കടലാക്രമണം മൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഡി) പ്രസ്തുത മേഖലയിൽ ദുരിതമനുഭവിക്കുന്നവർക്കായി ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതികൾക്ക് എന്ന് തുടക്കം കുറിക്കാനാകും?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പ്രത്യേക മേഖലയിലെ മത്സ്യബന്ധനത്തിന്</u>
<u>പുതിയ കമ്പനികള്‍</u>

1656 ശ്രീ. ഇ. പി. ജയരാജന്‍
,, എസ്. ശര്‍മ്മ
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, ബാബു എം . പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രത്യേക മേഖലയില്‍ മത്സ്യബന്ധനം നടത്തുന്നതിന് പുതിയ കമ്പനികള്‍ക്ക് കേന്ദ്ര സര്‍ക്കാര്‍ അനുവാദം നല്‍കിയിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ലെറ്റര്‍ ഓഫ് പെര്‍മിറ്റ് വ്യവസ്ഥയില്‍ എത്ര കമ്പനികള്‍ക്കാണ് ഇന്ത്യന്‍ അതിര്‍ത്തികളില്‍ മത്സ്യബന്ധനം നടത്താന്‍ അനുമതി നല്‍കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാരണത്താല്‍ കേരളത്തില്‍ പരമ്പരാഗത മത്സ്യബന്ധനത്തിലേര്‍പ്പെട്ടിരിക്കുന്നവര്‍ക്കുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാന്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ</u>

1657 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുയാനങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ഏതെല്ലാം മത്സ്യബന്ധന ഉപകരണങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്:

(ബി) കടൽമാക്രികളുടെയും മറ്റും ആക്രമണത്തിൽ മത്സ്യബന്ധന വലകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വലകൾ ഇൻഷ്വർ ചെയ്ത് പരിരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പഞ്ഞമാസങ്ങളിലെ സീസൺ സബ്സിഡി</u>

1658 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സീസൺ സബ്സിഡി മുൻവർഷങ്ങളിൽ നൽകിയിട്ടുണ്ടോ;

(ബി) ഈ വർഷവും പ്രസ്തുത സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ട്രോളിംഗ് നിരോധന സമയത്ത് സാമ്പത്തിക സഹായം

1659 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ട്രോളിങ് നിരോധന കാലയളവ് വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ട്രോളിങ് കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അലങ്കാര മത്സ്യകൃഷി</u>

1660

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മങ്കോട്ടച്ചിറ ഫിഷ് ഫാം റോഡ്</u>

1661 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന എടത്വാ യിലെ മങ്കോട്ടച്ചിറ ഫിഷ് ഫാം റോഡ് നിർമ്മാണ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റോഡു നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ചേർത്തലയിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

1662 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചേർത്തലയിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചെയ്ത പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഫിഷറീസ് വകുപ്പ് ചേർത്തലയിൽ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളിൽ ഏതിനെങ്കിലും ഭരണാനുമതി ലഭിക്കാത്തതായിട്ടുണ്ടോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാ ക്രമം അനുസരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; ചേർത്തല നിയമസഭാംഗം നിർദ്ദേശിച്ച എത്ര ജോലികൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തീരദേശവികസനവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക</u>

1663 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം തീരദേശവികസനവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മത്സ്യമേഖലയിലെ പദ്ധതികൾ

1664 ശ്രീ. ലൂഡി ലൂയിസ്
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉയർന്ന മത്സ്യ ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് മത്സ്യ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കുമോ ;

(സി) ഇതിനായി ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹധനസഹായം

1665 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിവാഹാവശ്യത്തിന് നൽകുന്ന സഹായധനത്തുക എത്രയാണ്; പ്രസ്തുത ധനസഹായ നിരക്ക് നിശ്ചയിച്ചത് എന്നാണ്;

(ബി) ഇപ്പോൾ നൽകുന്ന സഹായധനം അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

### മത്സ്യഫെഡ് ഭരണ സമിതി തെരഞ്ഞെടുപ്പ്

1666 ശ്രീ. പി. കെ. ഗുരുദാസൻ
,, റ്റി. വി. രാജേഷ്
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ ഇല്ലാത്തതിന്റെ കാരണം എന്താണ്; പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് നടപടികളായിട്ടുണ്ടോ; നിലവിലുണ്ടായിരുന്ന ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ തെരഞ്ഞെടുപ്പ് എപ്പോൾ നടത്താനാവുമെന്നാണ് തീരുമാനിച്ചിരുന്നത്;

(ബി) അഡമിനിസ്ട്രേറ്റീവ് സമിതി നിലവിൽ വന്നതിന് ശേഷം ഏതെല്ലാം നയപരമായ കാര്യങ്ങളിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന കാര്യങ്ങളിലും എന്തെല്ലാം തീരുമാനങ്ങൾ കൊക്കൊള്ളുകയുണ്ടായി; വിശദമാക്കാമോ;

(സി) കമ്മിറ്റി നിയമവരുദ്ധമായി എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും എന്തെല്ലാം പരാതികൾ കമ്മിറ്റിക്കെതിരെ ഉന്നയിക്കപ്പെടുകയുണ്ടായെന്നും വ്യക്തമാക്കുമോ;

(ഡി) രജിസ്ട്രാറുടെയോ സർക്കാരിന്റെയോ അംഗീകാരമില്ലാതെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍</u>

1667 ശ്രീ. തോമസ് ഉണ്ണിയാടന്‍
'' മോന്‍സ് ജോസഫ്
'' റ്റി.യു. കുരുവിള
'' സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍ വഴി കഴിഞ്ഞ സാമ്പത്തിക വര്‍ഷം എത്ര പേര്‍ക്ക് കടാശ്വാസം നല്‍കിയിട്ടുണ്ട് എന്നതിന്റ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വര്‍ഷം എത്ര പേര്‍ക്ക് കടാശ്വാസം നല്‍കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ്</u>

1668 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഇതുവരെ എത്ര പേർ ഗുണഭോക്താക്കളായെന്നും അതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) അപേക്ഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ നിന്നുള്ള വിവാഹ ധനസഹായം</u>

1669 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികളുടെ വിവാഹത്തിനായി ക്ഷേമനിധി ബോർഡ് നിലവിൽ നൽകുന്ന ധനസഹായം വളരെ കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനഹായം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

മടപ്പള്ളി കോളേജിൽ ഫിഷറീസ് ടെക്നോളജി കോഴ്സ്

1670 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ടെക്നോളജി സംബന്ധിച്ച കോഴ്സുകൾ അനുവദി ക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നിർദ്ദേശങ്ങളാണ് വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടു ള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാറിലെ കടലോരപ്രദേശത്തുള്ള മടപ്പള്ളി ഗവൺമെന്റ് കോളേജിൽ ഫിഷറീസ് ടെക്നോളജി സംബന്ധിച്ച വിവിധ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രമോഷൻ സഹകരണ സംഘം</u>

1671 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്, സഹകരണ നിയമപ്രകാരമുള്ള സഹകരണ സംഘം പ്രമോട്ട് ചെയ്തിട്ടുണ്ടോ;

(ബി) രൂപീകരിച്ച സഹകരണ സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി രജിസ്റ്റർ ചെയ്ത എയർപോർട്ട് പ്രമോഷൻ സഹകരണ സംഘത്തിന്റെ ഒരു ബൈലോ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) എയർപോർട്ട് കമ്പനിയുടെ എത്ര ശതമാനം ഷെയർ നിർദ്ദിഷ്ടസഹകരണ സംഘത്തിന് നൽകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സഹകരണ സംഘത്തിൽ ഒരാൾക്ക്പരമാവധി എത്ര തുകയുടെ ഷെയർ നൽകും; സംഘം ലാഭവിഹിതം നൽകുന്നത് എപ്രകാരമായിരിക്കും എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം</u>

1672 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മഞ്ചേശ്വരത്ത് ആരംഭിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ ;

(ബി) തുടക്കത്തിൽ ഏതൊക്കെ പരിശീലന ക്ലാസുകളാണ് ഇവിടെ നടത്തിയിരുന്നത് ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേശ്വരത്തു നിന്നും മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനം മാറ്റാനുള്ള തിരുമാനം എടുക്കാനുള്ള കാരണം വിശദമാക്കാമോ :

(ഇ) സംസ്ഥാനത്ത് മറ്റെവിടെയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഉള്ളത് ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന് എത്ര ഏക്കർ സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

## സ്റ്റേറ്റ് മാരിടൈം ബോർഡ്

1673 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് മാരിടൈം ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എവിടെയാണ് ഇതിന്റെ ആസ്ഥാനം ;

(ബി) സ്റ്റേറ്റ് മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചുവെന്നും എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുളളത് ; വ്യക്തമാക്കാമോ;

(സി) ബോർഡിന്റെ പ്രവർത്തനത്തിനായി നടപ്പുവർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>തുറമുഖ നവീകരണവും പോർട്ട് ഓപ്പറേറ്റർ നിയമനവും</u>

1674 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പദ്ധതിയ്ക്കായി എന്തെല്ലാം രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്;

(സി) തുറമുഖങ്ങളിൽ പോർട്ട് ഓപ്പറേറ്ററെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വല്ലാർപാടം ടെർമിനലിൽ ആഗോള സർവ്വീസ്</u>

1675 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറെനാളത്തെ പ്രയത്നത്തിനുശേഷം ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളേയും സ്പർശിക്കുന്നതും യൂറോപ്യൻ രാജ്യങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതുമായ നെമ്രോ (നോർത്ത് യൂറോപ്പ് - മെഡിറ്ററേനിയൻ - ഓഷ്യാനിയ) സർവ്വീസിൽ ഉൾപ്പെടുത്തിയ വല്ലാർപാടം ടെർമിനലിൽ ആഗോള സർവ്വീസ് നിർത്തലാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കസ്റ്റംസും സെസ്സും തമ്മിലുള്ള തർക്കത്തെത്തുടർന്ന് സർവ്വീസ് മുടങ്ങുന്നതും നിർത്തലാക്കുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

തുറമുഖവകുപ്പ് ചേർത്തലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ

1676 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വകുപ്പിൻ കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്താമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം തുറമുഖ വകുപ്പിൻ കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റുകൾ ലഭ്യമാക്കുമോ;

(സി) തുറമുഖ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും പ്രവൃത്തികൾ ചേർത്തല മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ എന്ന് പറയുമോ; എന്തുകാരണത്താലാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിഹിതവും ചെലവും

1677 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി 2011-12 സാമ്പത്തിക വര്‍ഷം ബഡ്ജറ്റില്‍ 150 കോടി രൂപ വകയിരുത്തിയിരുന്നുവോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വര്‍ഷം എന്തു തുക പദ്ധതിക്കുവേണ്ടി ചെലവാക്കുകയുണ്ടായെന്നു വെളിപ്പെടുത്തുമോ;

(സി) ഈ സാമ്പത്തിക വര്‍ഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം പദ്ധതിക്കുള്ള പരിസ്ഥിതി ക്ലിയറൻസ്</u>

1678 ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹിദ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിഴിഞ്ഞം പദ്ധതിക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമ പദ്ധതി</u>

1679 ശ്രീ. ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമപദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി</u>

1680 ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സബ്സിഡി കഴിച്ച് എത്ര നിരക്കിൽ മണ്ണെണ്ണ നൽകാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മണ്ണെണ്ണ ക്ഷാമം മൂലമുള്ള ബുദ്ധിമുട്ട്</u>

1681 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ക്ഷാമം മൂലം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അനുവഭിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്കുവേണ്ടി പ്രതിമാസം എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രം അനുവദിക്കുന്നത് ;

(സി) ഇതിന്റെ വിതരണം സംബന്ധിച്ച മാനദണ്ഡങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മണ്ണെണ്ണ ക്ഷാമം

1682 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിന് പോകാനാവശ്യമായ മണ്ണെണ്ണ ലഭിച്ചിരുന്നതിന് ഇപ്പോൾ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കടലിൽ പോകുന്നവരുടെ കൃത്യമായ കണക്ക്</u>

1683 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശങ്ങളിൽ നിന്ന് ഓരോ ദിവസവും എത്രപേർ ഏതൊക്കെ സമയത്ത് കടലിൽ പോകുന്നു എന്നതിനെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ അറിയുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ തങ്ങളുടെ യാത്ര അറിയിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഇറ്റാലിയൻ നാവികരാൽ കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

1684 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ നാവികരാൽ കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ ;

(ബി) കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കടല്‍സുരക്ഷ പദ്ധതി</u>

1685

ശ്രീ. കെ. ശിവദാസന്‍ നായര്‍
,, ഷാഫി പറമ്പില്‍
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടല്‍സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി എന്തെല്ലാം പദ്ധതികളാണ് സമര്‍പ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതില്‍ എത്ര പദ്ധതികള്‍ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികള്‍ക്ക് എത്ര ശതമാനം സബ്സിഡിയാണ് അനുവദിക്കുന്നത്; ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മദ്യനയം

1686 ശ്രീ. പി.കെ. ഗുരുദാസൻ
,, എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത മദ്യനയത്തിൽ നിന്ന് സർക്കാർ വ്യതിചലിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം വ്യതിയാനങ്ങളാണ് സംഭവിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) മദ്യ ഉപഭോഗം ഘട്ടംഘട്ടമായി കുറയ്ക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ;

(സി) ബാറുകളുടെ എണ്ണവും മദ്യത്തിന്റെ ഉപഭോഗവും കൂടിക്കൂടി വരികയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏറ്റവും ഒടുവിലത്തെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാണോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ പരിസരത്തെ മദ്യഷാപ്പുകൾ</u>

1687 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമപ്രകാരം മദ്യഷാപ്പുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര മീറ്റർ അകലെ മാത്രമേ സ്ഥാപിക്കാവൂ എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) ഈ ദൂരപരിധി ലംഘിച്ചു കൊണ്ട് സംസ്ഥാനത്ത് മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും മദ്യഷാപ്പിനെതിരെ സ്ക്കൂൾ തുറന്ന ദിവസം വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നുവോ;

(ഇ) എങ്കിൽ ഏത് സ്ക്കൂളിലെ കുട്ടികളാണെന്നും അവരുടെ ആവശ്യം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) സമരക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

അബ്കാരി കുറ്റകൃത്യങ്ങൾക്ക് പ്രത്യേക കുറ്റാന്വേഷണ വിഭാഗം

1688 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അബ്കാരി കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി എക്സൈസ് വകുപ്പിൽ പ്രത്യേക കുറ്റാന്വേഷണ വിഭാഗം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(സി) ഇത് ഏത് മാതൃകയിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ബാർ ലൈസൻസ് - പുതിയ മാനദണ്ഡങ്ങൾ

1689 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസ് നൽകുന്നതിന് ഈ സർക്കാർ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മദ്യശാലകൾക്ക് ലൈസൻസ്

1690 ശ്രീ. കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ബാർ/മദ്യശാലകൾക്ക് ലൈസൻസുകൾ നൽകാനുള്ള അധികാരം ആർക്കായിരുന്നു; വ്യക്തമാക്കാമോ;

(ബി) ഇതിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്;

(സി) ലൈസൻസ് നൽകാനുള്ള അധികാരം ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

അനധികൃത സ്പിരിറ്റ് കടത്ത്

1691 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃത സ്പിരിറ്റു കടത്തുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര ലിറ്റർ സ്പിരിറ്റാണ് ഇതിലൂടെ പിടിച്ചെടുത്തിട്ടുള്ളത് ;

(സി) അനധികൃത സ്പിരിറ്റു കടത്ത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഷാപ്പുകൾ/ബാറുകളുടെ ലേലം

1692 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷാപ്പുകൾ/ബാറുകൾ എത്ര മാസത്തേക്കാണ് ലേലം ചെയ്യുന്നത്;

(ബി) ഷാപ്പുകൾ/ബാറുകൾ ലേലം ചെയ്യുന്നത് റേഞ്ച് അടിസ്ഥാനത്തിലാണോ; പ്രത്യേകം പ്രത്യേകമാണോ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ബാലുശ്ശേരി എക്സൈസ് റേഞ്ച് ഓഫീസ്</u>

1693 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരിയിലെ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

# കേരള നിയമസഭ

# 18.06.2012-ലെ മറുപടിക്ക്

<u>പയ്യന്നൂരിലെ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം</u>

1694 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ എക്സൈസ് റേഞ്ച് ഓഫീസ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?